# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ, കുടുംബശ്രീ
## എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

*(ഹാജർ: ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്.)*

വിഷയം: കുടുംബശ്രീ – ശാരീരിക മാനസിക-ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങളുടെ പ്രത്യേക അയൽക്കൂട്ടങ്ങൾക്ക് (PWD NHGs) കോർപ്പസ് ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നത് – സംബന്ധിച്ച്.

***ORDER No. 6261/ M/2017/KSHO DATED 03..08..2017***

ദാരിദ്ര്യം ലഘൂകരിക്കുന്നതിന് ഭൗതിക ക്ലേശഘടകങ്ങൾക്കൊപ്പം, സാമൂഹിക-സാഹചര്യ പ്രശ്നങ്ങൾക്കും പരിഹാരം കാണേണ്ടതുണ്ടെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് ആശ്രയ പദ്ധതിയുടെ തുടർച്ചയായി മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിനായി ബഡ്സ് എന്ന പേരിൽ കുടുംബശ്രീ സ്പെഷ്യൽ സ്കൂളുകൾ രൂപകല്പന ചെയ്തത്. ശാരീരിക മാനസിക-ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ പരിചരണത്തോടൊപ്പം കുടുംബാംഗങ്ങളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിനുള്ള അവസരങ്ങളും ഉണ്ടാകേണ്ടതുണ്ട്. അതിനുള്ള സാഹചര്യവും സാമൂഹ്യ പിന്തുണയും ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ശാരീരിക മാനസിക-ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങളുടെ പ്രത്യേക അയൽക്കൂട്ടങ്ങൾ സംസ്ഥാനമെമ്പാടും രൂപീകരിക്കുന്നതിന് കുടുംബശ്രീ മിഷൻ തീരുമാനിച്ചതും ഇത്തരം അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളതും. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗമെന്ന നിലയിൽ ഇവർക്ക് മെച്ചപ്പെട്ട ഉപജീവന മാർഗ്ഗങ്ങൾ ഒരുക്കുന്നതിനും കുടുംബശ്രീ പ്രതിജ്ഞാ ബദ്ധമാണ്.

ശാരീരിക മാനസിക-ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങളുടെ പ്രത്യേക അയൽക്കൂട്ടങ്ങളുടെ സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തുന്നതിനും ഇവരുടെ സൂക്ഷ്മ സമ്പാദ്യ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിനു കുടുംബശ്രീ തീരുമാനിച്ചിട്ടുണ്ട്. കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനങ്ങളിൽ ഒന്നായ ലഘു സമ്പാദ്യ വായ്പ പ്രവർത്തനം ആരംഭിക്കുന്നതിനും അംഗങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ ഏത് ആവശ്യത്തിനും ലളിതമായ നടപടിക്രമങ്ങളിലൂടെ വായ്പ ലഭ്യമാക്കുന്നതിനും കോർപ്പസ് ഫണ്ട് ഉപയോഗപ്പെടുത്താൻ സാധിക്കും. താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ശാരീരിക മാനസിക-ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങളുടെ പ്രത്യേക അയൽക്കൂട്ടങ്ങൾക്ക് ലഘു സമ്പാദ്യവായ്പ പ്രവർത്തനം മുന്നോട്ടു കൊണ്ടു പോകുന്നതിന് കുടുംബശ്രീ മിഷനിൽ നിന്നും കോർപ്പസ് ഫണ്ടായി 10,000/- രൂപ (പതിനായിരം രൂപ മാത്രം) വീതം താഴെപറയുന്ന വ്യവസ്ഥകൾ പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

1. കുടുംബശ്രീ സി.ഡി.എസ്സുകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ശാരീരിക മാനസിക-ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങളുടെ പ്രത്യേക അയൽക്കൂട്ടങ്ങൾക്ക് (PWD NHGs) മാത്രമാണ് കോർപ്പസ് ഫണ്ട് ജില്ലാ മിഷനിൽ നിന്നും അനുവദിക്കേണ്ടത്.
2. പ്രത്യേക അയൽക്കൂട്ടങ്ങൾ ഏതു സി.ഡി.എസിലാണോ അഫിലിയേറ്റു ചെയ്തിരിക്കുന്നത് പ്രസ്തുത സി.ഡി.എസ്സിന് അനുബന്ധം-1 ആയി ചേർത്തിട്ടുള്ള അപേക്ഷാ ഫോറത്തിൽ ആവശ്യമായ വിവരങ്ങൾ പൂരിപ്പിച്ച് അപേക്ഷ സമർപ്പിക്കേണ്ടതാണ്.
3. സി.ഡി.എസ്. പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് അയൽക്കൂട്ടം ശാരീരിക മാനസിക-ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങളുടെ പ്രത്യേക അയൽക്കൂട്ടമാണെന്നും കോർപ്പസ് ഫണ്ടിന് അർഹരാണെന്നും സാക്ഷ്യപ്പെടുത്തി ശുപാർശ ചെയ്ത് കവറിംഗ് ലെറ്റർ സഹിതം ജില്ലാ മിഷന് സമർപ്പിക്കേണ്ടതാണ്.
4. ജില്ലാ മിഷൻ അപേക്ഷ പരിശോധിച്ച്, അർഹരായ പ്രത്യേക അയൽക്കൂട്ടങ്ങൾക്ക് 10,000/- രൂപ (രൂപ പതിനായിരം മാത്രം) കോർപ്പസ് ഫണ്ടായി അനുവദിക്കേണ്ടതാണ്.
5. പ്രത്യേക അയൽക്കൂട്ടങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ജില്ലാ മിഷൻ കോർപ്പസ് ഫണ്ടായി അനുവദിച്ച തുക നൽകേണ്ടതാണ്.
6. ഇപ്രകാരം ലഭിക്കുന്ന കോർപ്പസ് ഫണ്ട് അയൽക്കൂട്ട അംഗങ്ങൾ വീതിച്ചെടുക്കാൻ പാടില്ല. അയൽക്കൂട്ടങ്ങളുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള പ്രസ്തുത തുക ആന്തരിക വായ്പാ പ്രവർത്തനത്തിനു മാത്രമേ ഉപയോഗിക്കാവൂ. ആന്തരിക വായ്പയുടെ പലിശ നിരക്ക് അയൽക്കൂട്ട യോഗത്തിന് തീരുമാനിക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം തീരുമാനിക്കുന്ന വായ്പയുടെ വാർഷിക പലിശ നിരക്ക് 12 ശതമാനത്തിന് മുകളിൽ അധികരിക്കാൻ പാടുള്ളതല്ല.
7. അയൽക്കൂട്ടത്തിന് രജിസ്റ്ററുകൾ വാങ്ങുന്നതിനായി അയൽക്കൂട്ട യോഗ തീരുമാന പ്രകാരം ടി ഫണ്ടിൽ നിന്നും പരമാവധി 750/- രൂപ (എഴുനൂറ്റി അൻപത് രൂപ മാത്രം) വരെ ചിലവഴിക്കാവുന്നതാണ്.
8. കോർപ്പസ് ഫണ്ട് അനുവദിച്ച പ്രത്യേക അയൽക്കൂട്ടങ്ങളുടെ പേര്, തുക തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തികൊണ്ടുള്ള ജില്ലാ മിഷന്റെ കത്ത് സി.ഡി.എസിന് രേഖാമൂലം അറിവിലേയ്ക്കായി നൽകേണ്ടതാണ്.
9. അയൽക്കൂട്ടങ്ങൾക്ക് കോർപ്പസ് ഫണ്ട് ലഭ്യമാക്കിയതിനു ശേഷം രേഖകളും രജിസ്റ്ററുകളും എഴുതി സൂക്ഷിക്കുന്നതിനും ആന്തരിക വായ്പാ പ്രവർത്തനം കൃത്യമായി നടത്തുന്നതിനും ആവശ്യമായ പിന്തുണ സി.ഡി.എസ്സും എ.ഡി.എസ്സും നൽകേണ്ടതാണ്.
10. കോർപ്പസ് ഫണ്ടായി ചെലവാകുന്ന തുക ജില്ലാ മിഷനിൽ ലഭ്യമായ പ്ലാൻ ഫണ്ടിലെ സംഘടനാ ശാക്തീകരണം എന്ന ശീർഷകത്തിൽ വകയിരുത്തേണ്ടതാണ്.
11. ഫണ്ട് അനുവദിയ്ക്കുന്ന മുറയ്ക്ക് ഉപയുക്തതാ സർട്ടിഫിക്കറ്റ് സംസ്ഥാന മിഷനിൽ സമർപ്പിക്കേണ്ടതാണ്.

ജില്ലതിരിച്ചുള്ള ശാരീരിക മാനസിക-ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങളുടെ പ്രത്യേക അയൽക്കൂട്ടങ്ങളുടെ എണ്ണവും (30/6/2017-ലെ കണക്കനുസരിച്ച്) അനുവദിച്ച കോർപ്പസ് ഫണ്ട് തുകയും ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | PWD പ്രത്യേക അയൽക്കൂട്ടങ്ങളുടെ എണ്ണം (30/6/2016 വരെ) | കോർപ്പസ് ഫണ്ട് അനുവദിച്ച PWD പ്രത്യേക അയൽക്കൂട്ടങ്ങളുടെ എണ്ണം | അനുവദിച്ച കോർപ്പസ് ഫണ്ട് |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 07 | 05 | 50,000 |
| 2 | കൊല്ലം | 90 | 69 | 6,90,000 |
| 3 | പത്തനംതിട്ട | 33 | 25 | 2,50,000 |
| 4 | കോട്ടയം | 28 | 22 | 2,20,000 |
| 5 | ഇടുക്കി | 70 | 54 | 5,40,000 |
| 6 | എറണാകുളം | 07 | 05 | 50,000 |
| 7 | തൃശൂർ | 33 | 25 | 2,50,000 |
| 8 | പാലക്കാട് | 14 | 11 | 1,10,000 |
| 9 | മലപ്പുറം | 212 | 163 | 16,30,000 |
| 10 | കോഴിക്കോട് | 05 | 04 | 40,000 |
| 11 | വയനാട് | 180 | 139 | 13,90,000 |
| 12 | കണ്ണൂർ | 57 | 44 | 4,40,000 |
| 13 | കാസർഗോഡ് | 18 | 14 | 1,40,000 |
| | **ആകെ** | **754** | **580** | **58,00,000** |

**(ഒപ്പ്)**
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

1. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
2. എല്ലാ സി.ഡി.എസ്. ചെയർപേഴ്സൺമാർക്കും (ജില്ലാ മിഷൻ മുഖേന)

പകർപ്പ്

1. *എല്ലാ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, പ്രോഗ്രാം ഓഫീസർമാർ, പ്രോഗ്രാം മാനേജർ (സംസ്ഥാന മിഷൻ)*
2. *അക്കൗണ്ട്സ് സെക്ഷൻ*
3. *കരുതൽ/അധികം*

ഉത്തരവിൻ പ്രകാരം,

പ്രോഗ്രാം ഓഫീസർ (സംഘടന)

## കുടുംബശ്രീ ............................................ ജില്ലാ മിഷൻ

## ശാരീരിക മാനസിക-ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങളുടെ പ്രത്യേക അയൽക്കൂട്ടങ്ങൾക്കുള്ള കോർപ്പസ് ഫണ്ട്

## അപേക്ഷാ ഫോറം

........................... ഗ്രാമ പഞ്ചായത്ത്/നഗരസഭ കുടുംബശ്രീ സി.ഡി.എസ്.

1. അയൽക്കൂട്ടത്തിന്റെ പേര് :
   a) വിലാസം :
   b) ഫോൺ നമ്പർ :
2. വാർഡ് നമ്പർ/പേര് :
3. അയൽക്കൂട്ടം രൂപീകരിച്ച തിയ്യതി :
4. സി.ഡി.എസിലെ അഫിലിയേഷൻ നമ്പർ :
5. അയൽക്കൂട്ടത്തിലെ അംഗങ്ങളുടെ എണ്ണം :
6. അക്കൗണ്ട് തുടങ്ങിയ ബാങ്കിന്റെ പേര് :
   a) ബാങ്ക് ബ്രാഞ്ചിന്റെ പേര് :
   b) ബാങ്ക് വിലാസം :
   c) എസ്.ബി .അക്കൗണ്ട് നമ്പർ :
7. അയൽക്കൂട്ടം അംഗങ്ങളുടെ വിവരങ്ങൾ

| ക്രമ നമ്പർ | പേരും മേൽവിലാസവും | അംഗത്വം നൽകിയ തീയതി | വയസ്സ് | ബി.പി.എൽ/ എ.പി.എൽ | ഒപ്പ് |
|---|---|---|---|---|---|
| 1. | | | | | |
| 2. | | | | | |
| 3. | | | | | |
| 4. | | | | | |
| 5. | | | | | |
| 6. | | | | | |
| 7. | | | | | |
| 8. | | | | | |
| 9. | | | | | |
| 10. | | | | | |
| 11. | | | | | |

| ക്രമ നമ്പർ | പേരും മേൽവിലാസവും | അംഗത്വം നൽകിയ തീയതി | വയസ്സ് | ബി.പി.എൽ/ എ.പി.എൽ | ഒപ്പ് |
|---|---|---|---|---|---|
| 12. | | | | | |
| 13. | | | | | |
| 14. | | | | | |
| 15. | | | | | |
| 16. | | | | | |
| 17. | | | | | |
| 18. | | | | | |
| 19. | | | | | |
| 20. | | | | | |

## സത്യപ്രസ്താവന

മുകളിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണെന്ന് സത്യപ്രസ്താവന ചെയ്യുന്നു. ആയതിനാൽ ഞങ്ങളുടെ, ശാരീരിക മാനസിക-ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ പ്രത്യേക അയൽക്കൂട്ടത്തിന് കോർപ്പസ് ഫണ്ട് അനുവദിച്ച് തരണമെന്ന് അപേക്ഷിക്കുന്നു. കോർപ്പസ് ഫണ്ട് ഇനത്തിൽ ലഭിക്കുന്ന ധനസഹായം അയൽക്കൂട്ടത്തിലെ ആന്തരിക വായ്പ പ്രവർത്തനങ്ങൾക്കു മാത്രമേ ഉപയോഗിക്കുകയുള്ളു.

അയൽക്കൂട്ടം പ്രസിഡന്റിന്റെ പേരും ഒപ്പും | (അയൽക്കൂട്ടം മുദ്ര) | അയൽക്കൂട്ടം സെക്രട്ടറിയുടെ പേരും ഒപ്പും

---

## സി.ഡി.എസ്സ് ശുപാർശ

...................................... അയൽക്കൂട്ടം കോർപ്പസ് ഫണ്ട് ലഭിക്കാൻ അർഹതയുള്ള ശാരീരിക മാനസിക-ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ പ്രത്യേക അയൽക്കൂട്ടമാണെന്ന് പരിശോധിച്ച് ബോധ്യപ്പെട്ടിരിക്കുന്നു ആയതിനാൽ കോർപ്പസ് ഫണ്ട് അനുവദിക്കാവുന്നതാണ്.

**സി.ഡി.എസ്ചെയർപേഴ്സന്റെ പേരും ഒപ്പും** | (ഓഫീസ് മുദ്ര) | **മെമ്പർ സെക്രട്ടറി പേരും ഒപ്പും**

---

***കുറിപ്പ്:***

1. *അപേക്ഷയുടെ കൂടെ സി.ഡി.എസിലെ അഫിലിയേഷൻ സർട്ടിഫിക്കറ്റിന്റെയും അയൽക്കൂട്ടത്തിന്റെ ബാങ്ക് പാസ്സ് ബുക്കിന്റെയും പകർപ്പ് വയ്ക്കേണ്ടതാണ്.*
2. *പൂർണ്ണമായും പൂരിപ്പിക്കാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല.*
3. *ജില്ലാ മിഷൻ നടത്തുന്ന പരിശോധനയിൽ അപേക്ഷ വ്യാജമാണെന്ന് തെളിഞ്ഞാൽ ധനസഹായം തിരിച്ചു പിടിക്കുന്നതടക്കമുള്ള നിയമ നടപടികൾ ബന്ധപ്പെട്ടവർക്കെതിരെ സ്വീകരിക്കുന്നതാണ്.*

## കുടുംബശ്രീ ജില്ലാ മിഷന്റെ പരിശോധനാ റിപ്പോർട്ട്

.................................ഗ്രാമ പഞ്ചായത്ത്/നഗരസഭ കുടുംബശ്രീ സി.ഡി.എസ്സിലെ ........................................................................................................................ അയൽക്കൂട്ടം കോർപ്പസ് ഫണ്ട് ലഭിക്കാൻ അർഹതയുള്ള ശാരീരിക മാനസിക-ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ പ്രത്യേക അയൽക്കൂട്ടമാണെന്ന് ബോധ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ ഈ അയൽക്കൂട്ടത്തിന് കോർപ്പസ് ഫണ്ട് .........................രൂപ അനുവദിക്കാവുന്നതാണ്.

തീയ്യതി:

എ.ഡി.എം.സി
കുടുംബശ്രീ

---

## ഉത്തരവ്

കോർപ്പസ് ഫണ്ട് ......... രൂപ (................................................... ........................ രൂപ മാത്രം) ...................................................................... ശാരീരിക മാനസിക-ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ പ്രത്യേക അയൽക്കൂട്ടത്തിന് അനുവദിച്ചിരിക്കുന്നു.

തീയ്യതി:

(ഓഫീസ് മുദ്ര)

**ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ**
**കുടുംബശ്രീ**